# ചാവേറാക്രമണത്തെ അന്ത്യോഖ്യവിശ്വാസ സംരക്ഷണ സമിതി അപലപിച്ചു

### (ഷെവലിയാർ ചെറിയാൻ വേങ്കടത്ത്, ജനറൽ സെക്രട്ടറി)

സുറിയാനി ഓർത്തഡോക്സ് സഭയുടെ, അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും പാത്രിയർക്കീസ്, മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവായ്ക്ക് നേരെ, അദ്ദേഹത്തിന്റെ ജന്മനാടായ ഖ്മിഷ്ലിൽ കഴിഞ്ഞ ആഴ്ച്ചയുണ്ടായ സാമൂഹിക വിരുദ്ധരുടെ ചാവേറാക്രമണത്തെ, ജൂൺ 24-ാം തിയതി കൂടിയ അന്ത്യോഖ്യൻ വിശ്വാസ സംരക്ഷണ സമിതിയുടെ യോഗം വളരെ ശക്തമായി അപലപിച്ചു. സാമുഹിക വിരുദ്ധരുടെ ഉന്നം പരിശുദ്ധ പാത്രിയർക്കീസ് ബാവാ തന്നെയായിരുന്നു എന്നത് സ്പഷ്ടമാണ്. സർവ്വശക്തനായ ദൈവം അദ്ദേഹത്തെ ഈ വലിയ ആപൽഘട്ടത്തിൽ നിന്നും രക്ഷിച്ചു.

ജീവൻ ബലികൊടുത്ത് പരിശുദ്ധ ബാവായുടെ ജീവൻ രക്ഷിച്ച സൂതോറൊ എന്ന പ്രത്യേക സംരക്ഷണ സേനയുടെ ദൗത്യപുർത്തികരണത്തെ യോഗം പുകഴ്ത്തി. ജീവൻ വെടിഞ്ഞ അംഗരക്ഷകർക്കു വേണ്ടി യോഗം പ്രത്യേകം പ്രാർത്ഥിച്ചു.

വലിയ ആപത്തിൽ നിന്നും പരിശുദ്ധ ബാവായെ രക്ഷിച്ച ദൈവത്തെ സ്തുതിയ്ക്കുകയും, പരിശുദ്ധ സുറിയാനി സഭയെ നയിക്കുവാൻ പരിശുദ്ധ ബാവായക്ക് ആയുസ്സും ആരോഗ്യവും മാനസിക ശക്തിയും നൽകണമെ എന്നും, സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിയ്ക്കുന്നവർക്ക് മാനസാന്തരം കൊടുത്ത് അവരുടെ മനസ്സുതിരുവിനു വേണ്ടിയും യോഗം പ്രാർത്ഥിച്ചു.